പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2169 — 05/05/2017 ൽ മറുപടിയ്ക്ക്

## കാഷ്യൂ ബൂത്തുകൾ

**ചോദ്യം** — **ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി — ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ ( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാഷ്യൂ ബൂത്തുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഇത് എവിടെയെല്ലാം ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്; | (എ) | ഇല്ല. |
| (ബി) | കശുവണ്ടി വികസന കോർപ്പറേഷന്റെ തനത് ഉല്പന്നങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും കൂടുതൽ വിപണന മേഖലകൾ കണ്ടെത്തുന്നതിനും മറ്റെന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത് ; | (ബി) | ഇതിനു വേണ്ടി എക്സിബിഷൻ / മേളകളിൽ പങ്കെടുക്കുകയും കൂടുതൽ ആളുകൾ വാങ്ങുന്നതിനു വേണ്ടി ചെറിയ കൺസ്യൂമർ പാക്കറ്റുകളിൽ വിപണനം നടത്തുന്നുണ്ട്. |
| (സി) | കശുവണ്ടി വികസന കോർപ്പറേഷന്റെ ഏതെല്ലാം പുതിയ ഉല്പന്നങ്ങളാണ് വിപണിയിലിറക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് ; | (സി) | കശുവണ്ടി വികസന കോർപ്പറേഷന്റെ വിവിധ ഗ്രേഡിലുള്ള പ്ലെയിനും, റോസ്റ്റഡ് പരിപ്പുകളും കൂടാതെ മൂല്യ വർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ പൗഡർ, ബിറ്റ്സ്, സൂപ്പ്, കാഷ്യൂ വിറ്റ, ചോക്കോ കാജു, മിൽക്കികാജു തുടങ്ങിയ ഉല്പന്നങ്ങളാണ് ഇപ്പോൾ വിപണിയിൽ ഉള്ളത്. കശുവണ്ടി പരിപ്പിൽ നിന്നും കശുമാങ്ങയിൽ നിന്നും കൂടുതൽ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കാനുള്ള ശ്രമം നടന്നു വരുന്നുണ്ട്. |
| (ഡി) | ഏതെല്ലാം ഉല്പന്നങ്ങളുടെ ഉല്പാദനം അവസാനിപ്പിച്ചിട്ടുണ്ട് ; ഉല്പാദനം അവസാനിപ്പിച്ചതിന് കാരണം എന്താണ് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | കാഷ്യൂ കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുള്ള എല്ലാ കശുവണ്ടി പരിപ്പ് ഉല്പന്നങ്ങളുടേയും ഉല്പാദനം തുടർന്ന് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ